I/114111/2023

**മിഷൻ വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ )**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വേതനം ഇനത്തിൽ അധിക സംസ്ഥാന വിഹിതം അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ (പി) നം29/2021/ധന തീയതി:11.02.2021
2. കേന്ദ്ര സർക്കാരിന്റെ 05/07/2022 തീയതിയിലെ CW-II-22/6/2022 -CW-II നമ്പർ ഉത്തരവ്
3. സർക്കാരിന്റെ 04.07.2023 തീയതിയിലെ WCD - C1/166/2022 - WCD നമ്പർ കത്ത്.
4. ഈ കാര്യാലയത്തിലെ 02.08.2023 ലെ DWCD/1945/2023 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. DWCD/4866/2023-ICPS 4 തീയതി: 04-09-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിലും, ദിവസ വേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ച് വേതനം വർദ്ധിപ്പിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരമുള്ള പുതുക്കിയ മിഷൻ വാത്സല്യ മാർഗ്ഗരേഖ 2022 ഏപ്രിൽ മാസം നിലവിൽ വന്നതിനെ തുടർന്ന്, 2022 സെപ്റ്റംബർ മുതൽ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള വേതനം മാത്രമാണ് ജീവനക്കാർക്ക് അനുവദിച്ച വന്നിരുന്നത്.

മിഷൻ വാത്സല്യ പദ്ധതി പ്രകാരമുള്ള കരാർ ജീവനക്കാർക്ക് സംഭവിച്ചിരിക്കുന്ന വേതന ഇടിവ് നികത്തുന്നതിനായി തുക അനുവദിച്ച പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ കാര്യാലയത്തിലെ പരാമർശം (4) ഉത്തരവ് പ്രകാരം മിഷൻ വാത്സല്യ പദ്ധതിയിൽ 2022 ഏപ്രിൽ മുതൽ ഒരു വർഷം സേവനം തൃപ്തികരമായി പൂർത്തിയാക്കിയ യോഗ്യരായ എല്ലാ ജീവനക്കാർക്കും 2023 ഏപ്രിൽ മാസം മുതൽ 3% വേതന വർധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ ആവശ്യമായ അധിക സംസ്ഥാന വിഹിതത്തിന്റെ വിവരം ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ലഭ്യമാക്കിയിട്ടുണ്ട് .

ടി സാഹചര്യത്തിൽ 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വേതനം നൽകുന്നതിനുള്ള അധിക സംസ്ഥാന വിഹിതമായി ആകെ 21,89,633/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ചുവടെ പട്ടിക പ്രകാരം അനുവദിച്ച ഉത്തരവാകുന്നു.

/114111/2023

| Sl.No | District | Amount |
|---|---|---|
| 1 | Thiruvananthapuram | 154624 |
| 2 | Kollam | 167290 |
| 3 | Pathanamthitta | 154852 |
| 4 | Alappuzha | 151134 |
| 5 | Kottayam | 154508 |
| 6 | Idukki | 128095 |
| 7 | Ernakulam | 160225 |
| 8 | Thrissur | 172308 |
| 9 | Palakkad | 161009 |
| 10 | Malappuram | 136854 |
| 11 | Kozhikkode | 162541 |
| 12 | Wayanad | 167036 |
| 13 | Kannur | 151760 |
| 14 | Kasargod | 167397 |
| | Total | 21,89,633 |

ടി തുക 21,89,633/-രൂപ (ഇരുപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) മിഷൻ വാത്സല്യ പദ്ധതിയുടെ 2235 - 02 - 102 - 19 (5) ശീർഷകത്തിൽ നിന്നും മേൽ പട്ടിക പ്രകാരം അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അല്ലോട്മെന്റ് ആയി നൽകേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ടി തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അല്ലോട്മെന്റ് ആയി അനുവദിച്ച് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ആവശ്യമായ തുക ബന്ധപ്പെട്ട ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റിയതിന്റെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

2023 ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ വേതനത്തിൽ ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ടെന്ന കാര്യാലയ മേധാവിമാർ ഉറപ്പാക്കേണ്ടതാണ്. കൂടാതെ ശമ്പള ഇനത്തിൽ നൽകുന്ന വേതനത്തിൽ യാതൊരു വിധത്തിൽ ഉള്ള ഡ്യൂപ്ലിക്കേഷനും വന്നിട്ടില്ല എന്നും സ.ഉ (പി) നം29/2021/ധന തീയതി:11.02.2021 ലെ നിബന്ധനകൾ പൂർണ്ണമായും പലിക്കുന്നുണ്ടെന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഉറപ്പ വരുത്തേണ്ടതാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർക്കും
3. ICPS 10

I/114111/2023

4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 04-09-2023 16:01:07